**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്) - പദ്ധതി നടത്തിപ്പ് റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്**

**സ.ഉ(അച്ചടി) നം.49/2019/ധന** | **തിരുവനന്തപുരം, തീയതി, 27.04.2019**

---

പരാമർശം : (1) സ.ഉ.(അച്ചടി) നം. 54/17/ധന തീയതി 24/04/2017.
(2) 01.01.2019-ലെ Tender ID 2019_FIN_258705_1.

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് പരാമർശം **(1)** പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതിയിൽ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ / പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്.

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് IRDAI അംഗീകൃത ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും താത്പര്യ പത്രം ക്ഷണിക്കുകയും മൂന്ന് പൊതുമേഖലാ കമ്പനികളുൾപ്പെടെ അഞ്ച് അംഗീകൃത കമ്പനികളിൽ നിന്നും പ്രൊപ്പോസലുകൾ ലഭിയ്ക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം RFP (Request for Proposal) പരസ്യപ്പെടുത്തുകയും ചെയ്തു. മൂന്ന് പൊതുമേഖലാ കമ്പനികളുൾപ്പെടെ അഞ്ച് ഇൻഷ്വറൻസ് കമ്പനികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ ടെക്നിക്കൽ ഇവാലുവേഷൻ കമ്മിറ്റി പരിശോധിക്കുകയും അഞ്ച് ഇൻഷ്വറൻസ് കമ്പനികളും സാങ്കേതിക യോഗ്യത നേടിയതായി വിലയിരുത്തുകയും ചെയ്തു. സാങ്കേതിക യോഗ്യത നേടിയ അഞ്ച് കമ്പനികൾ താഴെപ്പറയും പ്രകാരമുള്ള നിരക്കുകൾ രേഖപ്പെടുത്തി ഫിനാൻഷ്യൽ ബിഡ് സമർപ്പിക്കുകയുണ്ടായി.

| ക്രമ നമ്പർ | ഇൻഷ്വററുടെ പേര് | 18% GST ഉൾപ്പെടെ രേഖപ്പെടുത്തിയ വാർഷിക പ്രീമിയം തുക (₹) |
|---|---|---|
| 1 | നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | 7298 |
| 2 | ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | 6772 |
| 3 | ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് | 17700 |
| 4 | ബജാജ് അലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | 9438.82 |
| 5 | റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | 2992.48 |

ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുകയായ 2992.48/- രൂപ (18% GST ഉൾപ്പെടെ) രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി 27.02.2019-ൽ 'അവാർഡ് ഓഫ് കോൺട്രാക്ട്' നൽകുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുക രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിന്റെ ചുമതല നൽകിയും പ്രസ്തുത കമ്പനിയുമായി കരാറിൽ

പദ്ധതി സംബന്ധിച്ച വിശദമായ ഉത്തരവ് പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**മനോജ് ജോഷി**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും.
അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, എല്ലാ സർവ്വകലാശാലകൾക്കും.
ബഹു. ഗവർണറുടെ സെക്രട്ടറി.
ബഹു. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി.
എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡിഷണൽ സെക്രട്ടറി / ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറിമാർ.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പൊതു ഭരണ (എസ്.സി) വകുപ്പ് (26.04.2019 ലെ 2984 നം. മന്ത്രിസഭാ തീരുമാനം).
പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ-228646)

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**